മാന്യരെ,

വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് 2025 ഡിസംബർ 11ന് നടക്കുകയാണല്ലോ. യു.ഡി.എഫിന്റെ ജനവിരുദ്ധ ഭരണം അവസാനിപ്പിച്ച്, ജനഹിതം പൂർണ്ണമായും മാനിക്കുന്ന ഒരു പുതിയ ഭരണം ഇവിടെയുണ്ടാകണമെന്ന് വാഴക്കാട് ഗ്രാമപഞ്ചായത്ത് നിവാസികളായ എല്ലാ നല്ല മനുഷ്യരും ആഗ്രഹിക്കുന്നു. ആ ആഗ്രഹം സഫലീകരിക്കുന്നതിനായി ഈ പഞ്ചായത്തിലെ 22 വാർഡുകളിലും നിസ്വാർത്ഥ സേവകരും മിടുക്കരുമായ സ്ഥാനാർത്ഥികളെ എൽഡിഎഫ് മത്സരിപ്പിക്കുന്നു. അവരെയെല്ലാം വിജയിപ്പിക്കണമെന്ന് എൽഡിഎഫ് വാഴക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

**താഴെപറയുന്ന പൊതുതത്വങ്ങൾ പാലിച്ചു കൊണ്ടായിരിക്കും അടുത്ത അഞ്ചു കൊല്ലം ഭരണനേതൃത്വം ലഭിച്ചാൽ എൽഡിഎഫ് പ്രവർത്തിക്കുക.**

- സ്ഥിരതയും കൂട്ടുത്തരവാദിത്തവുമുള്ള ഒരു ഭരണമായിരിക്കും
- ജനങ്ങളാണ് പരമാധികാരികൾ എന്ന ഉത്തമ ബോധ്യത്തോടെ വിനയവും ലാളിത്യവുമുള്ളവരായി എൽ.ഡി.എഫ് അംഗങ്ങൾ പ്രവർത്തിക്കും
- അധികാര വികേന്ദ്രീകരണത്തിന്റെ അന്ത:സത്ത പൂർണ്ണമായും പാലിക്കും
- അഴിമതിയും സ്വജനപക്ഷപാതവും ഇല്ലായ്മ ചെയ്യും
- ലഭിക്കുന്ന എല്ലാ ഫണ്ടുകളും ചോർച്ചയില്ലാതെ ചെലവഴിക്കും
- ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പുവരുത്തും
- ജനാധിപത്യ മൂല്യങ്ങളും മതനിരപേക്ഷ പാരമ്പര്യവും കാത്തു സൂക്ഷിക്കും
- മതമൈത്രിയും സാമുദായിക സൗഹാർദ്ദവും ഊട്ടിയുറപ്പിക്കും
- ഉദാരമതികളും സേവന താത്പരരുമായ വ്യക്തികളെ നാടിൻറെ വികസന പ്രക്രിയയിൽ പങ്കാളികളാക്കും
- ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായും കേരള സർക്കാരുമായും നിരന്തര ബന്ധം പുലർത്തി നാടിൻറെ നന്മക്കായുള്ള സഹായങ്ങൾ ലഭ്യമാക്കും.

## യുഡിഎഫ് ഭരണം നാടിനു ശാപം

പഞ്ചായത്തീരാജ് നിയമം വന്നതിനുശേഷമുള്ള 30 വർഷത്തിൽ മൂന്നു വർഷം മാത്രമാണ് മുസ്ലിംലീഗിന് ഭരണത്തിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്നത്. മുസ്ലിംലീഗിന്റെ അപ്രമാദിത്തത്തിൽ നടന്ന യു.ഡി.എഫ് ഭരണം വാഴക്കാടിന്റെ ഗ്രാമീണാന്തരീക്ഷത്തെ യാതൊരു തരത്തിലും സ്വാധീനിക്കുകയോ ജനങ്ങൾക്ക് വേണ്ടി ഭരണം നിർവഹിക്കുകയോ ചെയ്തില്ല. ജനകീയാസൂത്രണത്തിന്റെ ഉള്ളടക്കം ഉൾക്കൊള്ളാൻ കഴിയാതെ പോയ ഭരണം, ലഭ്യമായ അധികാരവും പണവും യഥാവിധി വിനിയോഗിക്കുന്നതിൽ അംബേ പരാജയപ്പെട്ടു. ഇക്കഴിഞ്ഞ അഞ്ചുകൊല്ലവും അതു പോലെ തന്നെ. 2025 മാർച്ച് 31 വരെ ലഭിച്ച 68 കോടിയിൽ 28 കോടിയും പാഴാക്കി. ജനങ്ങളുടെ ഉന്നമനവും ക്ഷേമവും ലാക്കാക്കി സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുന്ന പദ്ധതികളോട് മുഖം തിരിഞ്ഞു നിൽക്കുകയാണിവർ. അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഇതിൻറെ നല്ല ഉദാഹരണമാണ്. ഗുണഭോക്താക്കളായ 265 പേരിൽ കുറച്ചുപേർക്ക് ഭക്ഷണംനൽകിയെന്നു മാത്രം. സർക്കാർ നൽകിയ 115000 രൂപയ്ക്കുള്ള ഒരു പരിപാടിയും തയ്യാറാക്കിയില്ല. തന്നെയുമല്ല അഹങ്കാരവും ധിക്കാരവും ഭൂഷണമായി കരുതുന്നവരാണ് ഭരണകർത്താക്കൾ. ഇങ്ങനെയൊരു കൂട്ടർ വാഴക്കാട് ഇനി ഉണ്ടാകാൻ പാടില്ല.

## വേണം വാഴക്കാടിന് പുതിയൊരു ബദൽ

ഇടതുപക്ഷം ഹൃദയപക്ഷമാണ്. ഇടതുപക്ഷം ജനങ്ങളെ ചേർത്തുപിടിക്കുന്നു ജനങ്ങൾ ഇടതുപക്ഷത്തെ ചേർത്തുപിടിക്കുന്നു. കേരളം ഇന്ന് കൈവരിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളുടേയും കാതൽ ഈ ആത്മബന്ധമാണ്. എൽ.ഡി.എഫ് സർക്കാർ അനുവർത്തിക്കുന്ന വികസന നയങ്ങൾക്കും ക്ഷേമസങ്കൽപങ്ങൾക്കും അനുയോജ്യമായി വാഴക്കാടിന്റെ ക്ഷേമ വികസന സ്വപ്നങ്ങൾക്ക് അടിത്തറയൊരുക്കുകയെന്നതാണ് എൽ.ഡി.എഫ് ഉദ്ദേശിക്കുന്നത്. വാഴക്കാടിന് പുതിയൊരു ബദലായി വഴികാട്ടിയായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം ഇവിടെ യുണ്ടാകണം. സമഗ്രവും ശാസ്ത്രീയവുമായ ആസൂത്രണത്തിലൂടെ വാഴക്കാടിന്റെ വികാസനം ഉറപ്പുവരുത്താൻ നമുക്കൊരുമിച്ച് നിൽക്കാം.

## എൽ.ഡി.എഫ് ഉറപ്പു നൽകുന്നു

**1. ഗതാഗതം**

- എല്ലാ പഞ്ചായത്ത് റോഡുകളും ഗതാഗതയോഗ്യമാക്കും.
- മണന്തലകടവ് പാലം യാഥാർത്ഥ്യമാക്കാൻ പരിശ്രമിക്കും.
- KSRTC ബസ് സർവീസുകൾ കൂടുതലായി ലഭ്യമാക്കും
- പടിഞ്ഞാറു ഭാഗത്ത് ഊർക്കടവിലും കക്കോവിനുമിടയിലുള്ള യാത്രാക്ലേശം പരിഹരിക്കാൻ ശ്രമിക്കും
- ഊർക്കടവിൽ Bus bay നിർമിക്കും
- വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കും
- എടവണ്ണപ്പാറ ബസ്റ്റാൻഡ് നവീകരിക്കും
- വില്ലേജ് ഓഫീസ് - പൂഞ്ചീരിക്കാവ് റോഡ് PWD യെ കൊണ്ട് ഏറ്റെടുപ്പിക്കും

**2. ഭവന പദ്ധതി**

- ലൈഫ് പദ്ധതി കാര്യക്ഷമമാക്കും
- അർഹതയുള്ള എല്ലാവർക്കും വീടുകൾ നിർമ്മിച്ചു നൽകും
- കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കും
- വീട് റിപ്പയറിംഗിന് മതിയായ പരിഗണന നൽകും

**3. വയോജനം**

- പകൽ വീട് നിർമ്മിക്കും
- കട്ടിൽ, കിടക്ക മറ്റു ശയ്യോപകരണങ്ങൾ വിതരണം ചെയ്യും
- 80 വയസ്സു കഴിഞ്ഞവർക്ക് മെഡിക്കൽ അലവൻസ് നൽകും
- ഉല്ലാസയാത്രകൾ സംഘടിപ്പിക്കും

**4. ജലസംരക്ഷണം, കുടിവെള്ളം**

- എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തും
- ചാലിയാർ മാലിന്യമുക്തമാക്കി സംരക്ഷിക്കും
- വാലില്ലാ പുഴ നവീകരിച്ച് സംരക്ഷിക്കും
- തോടുകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കും
- പ്രകൃതിദത്ത ജലസ്രോതസ്സുകൾ സംരക്ഷിക്കും

**5. പൊതുജനാരോഗ്യം**

- കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ സൗകര്യം ഒരുക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തും
- ഓപ്പൺ ജിം വിപുലീകരിക്കും
- പട്ടി, പന്നി ശല്യത്തിന് പരിഹാരമുണ്ടാക്കും
- ക്യാൻസർ, ഡയാലിസിസ് രോഗികൾക്ക് ധനസഹായം ഏർപ്പെടുത്തും
- മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും
- പാലിയേറ്റീവ് കെയർ സംവിധാനം മെച്ചപ്പെടുത്തും,
- ജനകീയ വൽക്കരിക്കും
- വാഴക്കാട് പഞ്ചായത്തിലെഎല്ലാ ഡിസ്പെൻസറികളിലുമുള്ള ഡോക്ടർമാരുടെ ഗിൽഡ് രൂപീകരിക്കും.

**6. സാമൂഹ്യ സുരക്ഷ**

- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിക്കും
- ഭിന്നശേഷിക്കാർ, വിധവകൾ അവിവാഹിതരായ സ്ത്രീകൾ തുടങ്ങിയവർക്കായി പ്രത്യേക ക്ഷേമ പദ്ധതി നടപ്പിലാക്കും
- പ്രസിഡണ്ടിന്റെ പേരിൽ ആശ്വാസനിധി ശേഖരിക്കും

**7. വിദ്യാഭ്യാസം**

- ആക്കോട് കേന്ദ്രമായി ഒരു മോഡൽ ഹൈസ്കൂൾ സ്ഥാപിക്കും
- മപ്രം - വെട്ടത്തൂർ LP സ്കൂളുകൾ അപ്പർ പ്രൈമറിയായി ഉയർത്താൻ ശ്രമിക്കും
- ചാലിയപ്രം ഹൈസ്കൂളിൽ ഹയർസെക്കൻഡറി ലഭിക്കാൻ സർക്കാറിൽ ഇടപെടും
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭിക്കാൻ ശ്രമം നടത്തും
- (എൻജിനീയറിങ് കോളേജ്, ആയുർവേദ കോളേജ് മുതലായവ)
- സ്കൂൾ കിച്ചൻ നവീകരിക്കും
- ആവശ്യത്തിന് ടോയ്ലറ്റുകൾ ഏർപ്പെടുത്തും
- HS, HSS കളിൽ പെൺ കുട്ടികൾക്കായി ഷീ കെയർ സൗകര്യമൊരുക്കും
- PEC കൾ കാര്യക്ഷമമാക്കും -
- PTA, MTA, SMC കൾ ഫലപ്രദമാകും.
- ടാലൻറ് പരീക്ഷകൾ സംഘടിപ്പിക്കും

**8. കല – കായികം**

- ക്ലബ്ബുകളുടെ കൺസോർഷ്യം രൂപീകരിക്കും
- ഭൂമി ലഭ്യമാകുന്ന എല്ലാ വാർഡുകളിലും കളിക്കളം നിർമ്മിക്കും
- ഫുട്ബോൾ വോളിബോൾ പ്രത്യേക പരിശീലനം ലഭ്യമാക്കും
- വാഴക്കാട് HSS ഗ്രൗണ്ട് വിപുലീകരിക്കും
- ചാലിയപ്രം സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കും
- കേരളോത്സവം കാര്യക്ഷമമാക്കും
- കലാകായിക പരിശീലനത്തിന് സൗകര്യമുണ്ടാക്കും
- ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കും
- വാട്ടർ സ്പോർട്സ് പ്രോത്സാഹിപ്പിക്കും

**9. തൊഴിൽ**

- ചാലിയാറിലെ മണലെടുപ്പിന് സർക്കാരിൽ നിന്ന് അനുമതി നേടും.
- സ്റ്റാർട്ടപ്പുകൾ ആരംഭിക്കും.
- ചെറുകിട വ്യവസായങ്ങൾക്ക് സൗകര്യം ഒരുക്കും
- ഭക്ഷ്യ സംസ്കരണ യൂണിറ്റ് ആരംഭിക്കും

**10. പരിസ്ഥിതി സംരക്ഷണം**

- മുടക്കഴി മല ചെങ്കൽ ഖനനം അവസാനിപ്പിക്കും
- മറ്റു ഖനനങ്ങൾ നിയന്ത്രിക്കും
- മാലിന്യനിർമാർജനം കാര്യക്ഷമമാക്കും
- സാമൂഹ്യ വനവൽക്കരണം നടപ്പാക്കും
- ഹരിത കർമ്മ സേനയെ കർമ്മനിരതമാക്കും
- പാഴ് വസ്തുക്കളുടെ വിറ്റുവരവിൽ കർമ്മസേനാം ഗങ്ങൾക്ക് നിശ്ചിത വിഹിതം നൽകും

**11. ഗ്രാമ സൗന്ദര്യവത്ക്കരണം**

- എടവണ്ണപ്പാറ ടൗൺ നവീകരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കും
- ബസ്റ്റാൻഡ് സൗകര്യങ്ങൾ മെച്ചപ്പെടുത്തും
- ഊർക്കടവ് ടൗണിൽ നവീകരണം നടത്തും
- പാതയോരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കും
- തെരുവു കച്ചവടക്കാരെ പുനരധിവസിപ്പിക്കും

**12. ഭരണനിർവ്വഹണം**

- വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും
- പഞ്ചായത്ത് ഓഡിറ്റോറിയം നവീകരിക്കും
- തൊഴിലുറപ്പ് പദ്ധതിക്ക് പുതിയ ആപ്പീസ് നിർമിക്കും
- വാർഡുകളിൽ ഗ്രാമസഭ ഓഫീസ് തയ്യാറാക്കും
- സാങ്കേതിക വിദ്യയിൽ ഉന്നത ബിരുദം നേടിയവരെ ഉൾപ്പെടുത്തി Expert കമ്മിറ്റി രൂപീകരിക്കും
- ഗ്രാമസഭകൾ സമ്പൂർണ്ണമാക്കി നടത്താൻ ശ്രമിക്കും

**13. MNREGS**

- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും
- ക്ഷേമനിധി അംഗത്വം ഉറപ്പുവരുത്തും
- നിയമം അനുശാസിക്കുന്ന സുരക്ഷാക്രമീകരണങ്ങളൊരുക്കും

- സ്വന്തമായി ആപ്പീസ് നിർമിക്കും
- രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങളെയും തൊഴിലിനു പ്രേരിപ്പിക്കും

**14. സാംസ്കാരികം**

- വാഴക്കാട്, എടവണ്ണപ്പാറ എന്നിവിടങ്ങളിലുള്ള പഞ്ചായത്ത് ലൈബ്രറികൾ വിപുലീകരിക്കും
- പഞ്ചായത്തിന് മൊത്തമായി ഒരു റഫറൻസ് ലൈബ്രറി രൂപീകരിക്കും
- ഊർക്കടവിൽ ഒരു പൊതു ലൈബ്രറി തുടങ്ങും
- അംഗീകൃത വായനശാലകൾക്ക്, പുസ്തകം, പത്രം, ഫർണിച്ചർ തുടങ്ങിയവ നൽകും
- സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കും
- പഞ്ചായത്തിലെ എഴുത്തുകാരെ ആദരിക്കും
- തുടർ വിദ്യാഭ്യാസ പരിപാടി വിപുലപ്പെടുത്തും

**15. അംഗൻവാടികൾ**

- എല്ലാ അംഗൻവാടികളും ഹൈടെക് ആക്കും
- കെട്ടിടമില്ലാത്തവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കും
- ഒരു മാതൃകാ അംഗനവാടി(ടാമ്യ അിഴമിംമറശ) നിർമ്മിക്കും
- പോഷക സമൃദ്ധമായ ഭക്ഷണം നൽകും

**16. കൃഷി**

- തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കും
- വെള്ളക്കെട്ടുകൾ നീക്കം ചെയ്യും
- കൃഷി നാശത്തിന് അർഹമായ സഹായം ഉറപ്പുവരുത്തും
- നൂഞ്ഞിക്കരയിലെ പഞ്ചായത്ത് കൈവശമുള്ള ഭൂമി കൃഷിയോഗ്യമാക്കും
- ഉൽപ്പന്നങ്ങൾക്ക് വിപണന കേന്ദ്രം തുടങ്ങും
- പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കും
- പുരയിടങ്ങളിലും പൊതുസ്ഥലങ്ങളിലും ഫലവൃക്ഷങ്ങൾ നട്ടുവളർത്തും

**17. മൃഗസംരക്ഷണം**

- കന്നുകുട്ടി പരിപാലനം, വിതരണം കാര്യക്ഷമാക്കും
- ആട്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കും
- മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കും

**18. കുടുംബശ്രീ**

- ആപ്പീസ് സംവിധാനം വിപുലപ്പെടുത്തും.
- ആക്ഷൻ പ്ലാൻ തയ്യാറാക്കും
- വാർഷിക ബജറ്റ് തയ്യാറാക്കും
- ഗ്രാമസഭ ആപ്പീസിനോട് ചേർന്ന് വാർഡുകളിൽ ADS പ്രവർത്തന സൗകര്യം ഏർപ്പെടുത്തും.
- മുഴുവൻ കുടുംബങ്ങളെയും കുടുംബശ്രീയുമായി ബന്ധിപ്പിക്കും

**19. ലഹരി വിരുദ്ധ പോരാട്ടം**

- സർക്കാറിന്റെ വിമുക്തി പദ്ധതിയുമായി ചേർന്നുകൊണ്ട് ലഹരിക്കെതിരായ പ്രക്ഷോഭം ഊർജിതമാക്കും
- പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സമിതികൾ രൂപീകരിക്കും
- ക്യാമ്പസുകളിൽ ലഹരി വിരുദ്ധ കൂട്ടായ്മ
- പുകവലിയും ഘട്ടം ഘട്ടമായി നിർമാർജനം ചെയ്യും
- സർവ്വോപരി ലഹരിവിമുക്ത പഞ്ചായത്തായി നമുക്ക് മാറണം

**20. ഊർജ്ജം**

- വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാൻ ബോധവൽക്കരണം നടത്തും
- സൗരോർജ്ജ പദ്ധതി വിപുലപ്പെടുത്തും
- വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഇടപെടും
- തെരുവു വിളക്കുകൾ ആവശ്യമുള്ളിടത്തെല്ലാം ഏർപ്പെടുത്തും, കത്തുമെന്നുറപ്പുവരുത്തും

**21. പട്ടികജാതി കുടുംബങ്ങൾ**

- കോളനിഎന്ന് നേരത്തെ വിളിക്കപ്പെട്ടിരുന്ന എല്ലാ സ്ഥലങ്ങൾക്കും പുതിയ പേരുകൾ നൽകും
- ഇനിയും ബാക്കി നിൽക്കുന്ന പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ റോഡ്, വീട് വെളിച്ചം ചികിത്സാ മുതലായവ പരിഹരിക്കും
- എല്ലാവർക്കും വീട്
- വീട് അറ്റകുറ്റപ്പണി
- SSLC, +2 വിജയികൾക്ക് പ്രത്യേക ആദരം

**22. ഭിന്നശേഷി**

- ബഡ്സ് സ്കൂളുകൾ ഫലപ്രദമാകും..
- പഠനോപകരണങ്ങൾ നൽകും
- പോഷകാരണങ്ങൾ നൽകും
- കൂട്ടിരിപ്പുകാർക്ക് അലവൻസ് നൽകും
- പരിവാർ പ്രവർത്തനം കാര്യക്ഷമമാക്കും
- ക്ലാസുകൾ സംഘടിപ്പിക്കും

**23. സ്ത്രീ സുരക്ഷ**

- സർക്കാർ ആവിഷ്കരിച്ച സ്ത്രീ സുരക്ഷ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കും
- അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിക്കും
- ഗാർഹിക പീഢനം ബോധവൽക്കരണം നടത്തും
- ശിശു പരിപാലനത്തിൽ ബോധവൽക്കരണം
- (പ്രതിരോധ കുത്തിവെപ്പുകൾ ഉൾപ്പെടെ)
- വിവാഹപൂർവ കൗൺസിലിംഗ് ഏർപ്പെടുത്തും
- പാചക മത്സരം സംഘടിപ്പിക്കും
- കലാകായിക മത്സരങ്ങൾ ഏർപ്പെടുത്തും
- സ്വയം രക്ഷാ പരിശീലന പരിപാടികൾക്ക് സൗകര്യം ഉണ്ടാക്കും
- സൗജന്യ നിയമസഹായം ഉറപ്പുവരുത്തും
- വാഴക്കാട് പഞ്ചായത്തിലെ അഭിഭാഷ ഇതിനായി ഉപയോഗപ്പെടുത്തും

**24. പ്രവാസി ക്ഷേമം**

- വിദേശത്ത് കഴിയുന്നവരുടെയും മടങ്ങിയെത്തുന്ന വരുടെയും കൃത്യമായ വിവരങ്ങൾ ശേഖരിക്കും
- തൊഴിൽ സംരംഭങ്ങൾക്ക് സാധ്യത തേടും
- വിവിധ ആവശ്യങ്ങൾ യഥാവിധി ലഭ്യമാക്കാൻ പ്രവാസി ക്ഷേമ കേന്ദ്രം തുടങ്ങും

**25. ദുരന്തനിവാരണം**

- വെള്ളപ്പൊക്കം, തീപിടുത്തം,ദുർമരണം, മറ്റു അപകടങ്ങൾ എന്നിവയിൽ അകപ്പെടുന്നവരെ രക്ഷപ്പെടുത്താനുള്ള പരിശീലനം സാധ്യമാക്കും
- ഹിംസ്ര ജന്തുക്കളിൽ നിന്നും രക്ഷനേടാനുള്ള മാർഗങ്ങൾ അഭ്യസിപ്പിക്കും
- അപകടകാരിയായ മരങ്ങൾ മുറിച്ചു മാറ്റാൻ വൈദഗ്ധ്യമുള്ള വരെ ഉണ്ടാക്കിയെടുക്കും
- സ്ഥിരം സേന രൂപീകരിക്കും

**26. ടൂറിസം**

- ചാലിയാറും തീരങ്ങളും പ്രയോജനപ്പെടുത്തി ടൂറിസം പ്രമോട്ട് ചെയ്യും
- ബോട്ട് യാത്രക്ക് സൗകര്യമുണ്ടാകും

പ്രിയരേ,................................................................................................

ഈ പ്രകടനപത്രിക വായിക്കുക. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ അറിയിക്കുക. മുകളിൽ കൊടുത്തിട്ടുള്ള എല്ലാ കാര്യങ്ങളും പ്രാവർത്തികമാക്കാൻ കഴിയുന്നവരാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ. എല്ലാവർക്കും മിന്നുന്ന വിജയം സമ്മാനിക്കണം എന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

എന്ന്,

എൽ.ഡിഎഫ് പഞ്ചായത്ത് കമ്മിറ്റിക്ക് വേണ്ടി

**ചെയർമാൻ**

**കൺവീനർ**

**സി. സുബ്രഹ്മണ്യൻ** **വി. രാജഗോപാലൻ**

Printed at Quality Edavannappara. 9846376878. Copy 2000

